**ആർ.സി.എസ്./5603/2021/ഇ.എം(4)**

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, **06/09/2021**

## സർക്കുലർ നമ്പർ 38/2021

വിഷയം - സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പ്രവർത്തി ക്രമീകരണം സംബന്ധിച്ച്

സൂചന - 1. സഹകരണ സംഘം രജിസ്ട്രാറുടെ 3-9-70 ലെ 51/70-ാം നം. സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 15-05-84 ലെ 26/84 നം. സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ 16/98 നം. സർക്കുലർ

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ ജീവനക്കാരുടെ പ്രവർത്തി സമയം, ഹാജർനില, ഓരോ തസ്തികയിലേയും ഉദ്യോഗസ്ഥന്റെ ചുമതലകൾ, ഉത്തരവാദിത്തങ്ങൾ സംബന്ധിച്ചും, അഴിമതി ഒഴിവാക്കുന്നത് സംബന്ധിച്ചും സഹകരണ സംഘം രജിസ്ട്രാർ സൂചന (1), (2) (3) നമ്പർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ സഹകരണ സംഘങ്ങളിലെയും/ബാങ്കുകളിലെയും തസ്തികളുടെ ചുമതല നിർവ്വഹണം സംബന്ധിച്ച സബ്റൂൾ വ്യവസ്ഥകൾ ജീവനക്കാർ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് സംഘം ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.
2. ജീവനക്കാർ (ബ്രാഞ്ചുകളിലെ ഉൾപ്പെടെ) ഒരു സെക്ഷനിൽ രണ്ട് വർഷത്തിൽ കൂടുതൽ തുടരുന്നത് അനുവദിക്കുവാൻ പാടുള്ളതല്ല.
3. കമ്പ്യൂട്ടർ സംവിധാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ password മാറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. Software കളുടെ സുരക്ഷാമാനദണ്ഡങ്ങൾ ഭരണ സമിതി ഉറപ്പുവരുത്തേണ്ടതും, സുരക്ഷാ ആഡിറ്റ് അംഗീകൃത ഏജൻസി മുഖേന പൂർത്തിയാക്കേണ്ടതുമാണ്.
5. ഇന്റേണൽ ആഡിറ്റർ തസ്തിക നിലവിലുള്ള സംഘങ്ങളിൽ, ടി ഉദ്യോഗസ്ഥൻ ബ്രാഞ്ചുകൾ ഉൾപ്പെടെ സംഘത്തിന്റെ പ്രവർത്തനങ്ങൾ യഥാസമയം

പരിശോധന നടത്തി ഭരണസമിതിക്ക് എല്ലാ മാസവും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഇന്റേണൽ ആഡിറ്റർ തസ്തിക നിലവിലില്ലാത്ത സംഘങ്ങളിൽ മേൽ പ്രകാരമുള്ള പരിശോധന സംഘം സെക്രട്ടറി നിർവ്വഹിച്ച് റിപ്പോർട്ട് എല്ലാ മാസവും ഭരണ സമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്,
പി.ബി.നൂഹ്, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. ജോയിന്റ് രജിസ്ട്രാർ(ജനറൽ), എല്ലാ ജില്ലകളും
3. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), എല്ലാ ജില്ലകളും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും,, ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന
5. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
6. എല്ലാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും/സ്ഥാപനങ്ങൾക്കും, (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. എഡിറ്റർ, സഹകരണ വീഥി
8. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി

**നിർദ്ദേശാനുസരണം**

**അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)**